പരമ്പരാഗത വ്യവസായ ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര മാർക്കറ്റ്

6 [*336] ശ്രീ. കെ. രാധാകൃഷ്ണൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, കെ. പി. സതീശ്ചന്ദ്രൻ :
,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉല്പന്നങ്ങളെ അന്താരാഷ്ട്ര മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ പ്രാപ്തമാക്കുന്നതിനുവേണ്ടി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നുള്ള ഏതെല്ലാം ഉൽപന്നങ്ങളാണ് അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നും പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ;

(ഡി) പരമ്പരാഗത വ്യവസായരംഗത്തെ സഹകരണ സംരംഭങ്ങളെ ആധുനിക വൽക്കരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) മൊത്തത്തിൽ ഈ മേഖലയിൽ കടുത്ത മത്സരം നടക്കുന്നുണ്ട്. കയർ മേഖലയിൽ കയർ മാറ്റിംഗ്, കെർൾഡ് കയർ എന്നിവയുടെ കയറ്റുമതി മുൻവർഷങ്ങളെക്കാൾ കുറഞ്ഞുവരുന്നതായി കാണുന്നു. എന്നാൽ കശുവണ്ടിപ്പരിപ്പിന്റെ വിലയിൽ കാലാകാലങ്ങളിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാറുണ്ട്.

(സി) കയർ മേഖലയിൽ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുവാൻ കയർ സഹകരണസംഘങ്ങൾക്കു സബ്സിഡി, ചെറുകിടകയർ ഉൽപാദകർക്കായി പൊതുസേവന കേന്ദ്രങ്ങൾ തുടങ്ങുവാൻ ഗ്രാന്റ് ഗവേഷണ വികസനത്തിനായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി, കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള നടപടി എന്നിവയാണ് സ്വീകരിച്ച നടപടികൾ.

കൈത്തറി മേഖലയിൽ വസ്ത്രങ്ങൾ ആധുനിക രീതിയിൽ രൂപകല്പന ചെയ്യുന്നതിന് എൻ. ഐ. എഫ്. റ്റി., എൻ. ഐ. ഡി. തുടങ്ങിയ ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ ഉൽപാദന വിവരങ്ങൾ പുസ്തക രൂപത്തിലാക്കി നെയ്ത്തുകാർക്ക് വിതരണം ചെയ്യുകയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ടോബി, ജക്കാഡ് മുതലായ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനു വിദഗ്ധ പരിശീലനവും നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കരകൗശല മേഖലയിൽ കേന്ദ്ര സർക്കാരിന്റെ യു. എൻ. ഡി. പി. പദ്ധതി, ബാംബു കോർപ്പറേഷന്റെ റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗത്തിനുള്ള ലബോറട്ടറി, ആധുനിക വർക്ഷോപ്പുകൾ; പുതിയ ഡിസൈനുകൾ തയ്യാറാക്കൽ സ്കിൽ അപ്ഗ്രഡേഷൻ എന്നിവ നടപ്പിലാക്കി വരുന്നു. കശുവണ്ടി മേഖലയിൽ തോട്ടണ്ടി പ്രോസസ് ചെയ്യുന്നതിനു ആധുനികവത്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമവ്യവസായ മേഖലയിൽ ഉൽപാദന രംഗത്ത് ആധുനിക മെഷീനുകൾ സ്ഥാപിക്കുന്നതിനു ഖാദി കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) കയർ മേഖലയിൽ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനു സഹകരണസംഘങ്ങൾക്കു സാമ്പത്തിക സഹായം, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഗ്രാന്റ് ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ പരിശീലനം എന്നിവ നടപ്പാക്കിവരുന്നു.

കൈത്തറി മേഖലയിൽ കമ്പ്യൂട്ടറിന്റെ സഹായത്തോടുകൂടി ഡിസൈനുകൾ തയ്യാറാക്കുന്നതിനും എൻ.ഐ.എഫ്.റ്റി., എൻ.ഐ.ഡി., ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. ഹാൻടെക്സിന്റെ പ്രവർത്തനം വിവിധ ഏജൻസികളുടെ സഹായത്തോടെ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

കരകൗശല സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ സുരഭിയുടെ കീഴിൽ ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിൽ ക്രാഫ്റ്റ് ടൂറിസവും കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ ആധുനികവത്കരണത്തിനുള്ള വിവിധ പദ്ധതികളും നടപ്പാക്കി വരുന്നു.

ഖാദി സഹകരണ സംഘങ്ങൾക്കു ത്രിതല പഞ്ചായത്തുകൾ വഴി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉൾനാടൻ റൂട്ടുകളിൽ മിനി ബസ്സുകൾ

7 [*337] ശ്രീ. എ. എൻ. രാജൻ ബാബു :
,, കെ. കെ. ഷാജു :
,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. ഫണ്ട് ഇതര പദ്ധതികൾ എന്നിവ ഉപയോഗിച്ച് സംസ്ഥാനത്തെ ഗ്രാമങ്ങളിലെ ഉൾനാടൻ റോഡുകളിൽ നല്ലൊരുഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഉൾനാടൻ റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. മിനി ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly